# കുമ്പളങ്ങിവഴി

**വി.വി. വിജു**

**കു**മ്പളങ്ങിയിലെ കടയിൽ നിന്ന് ചായ കുടിച്ചുകൊണ്ടിരിക്കുന്നതിനിടെ വലിയ ശബ്ദത്തോടെ പിച്ചളപ്പാട്ടയിലേക്ക് ചായ പകരുന്ന കടക്കാരനെ നോക്കി ശിവദത്തൻ പറഞ്ഞു. ''കണ്ടില്ലേ, ഇതുവേണമെങ്കിൽ ടൂറിസത്തിന്റെ ഭാഗമാക്കാം. ഒരുമീറ്റർ ചായ, രണ്ടുമീറ്റർ ചായ..... നാലുമീറ്റർ വരെ നീളത്തിൽ ചായ അടിക്കുന്ന ഒരാളുണ്ട് ഇവിടെ'' സായിപ്പിന് ഇതൊക്കെ കൗതുകമാണ്. ലോക ഭൂപടത്തിൽ ഇടംപിടിച്ച കുമ്പളങ്ങിയിലെ മാതൃകാ ടൂറിസം ഗ്രാമം നടപ്പാക്കുന്ന കാലത്തെ പഞ്ചായത്ത് പ്രസിഡന്റായിരുന്നു എം.പി. ശിവദത്തൻ.

നാടിന്റെ വിഭവങ്ങളെക്കുറിച്ചുള്ള സൂക്ഷ്മമായ നിരീക്ഷണവും അവ ഉപയോഗപ്പെടുത്തുന്ന കൗശലവുമാണ് കുമ്പളങ്ങി ടൂറിസത്തെ വ്യതിരിക്തമായ മാതൃകയാക്കുന്നത്. 2003-ൽ തുടങ്ങിയ മാതൃകാഗ്രാമം യുണൈറ്റഡ് നാഷൻസ് ഡവലപ്പ്മെന്റ് പ്രോഗ്രാമിന്റെ 'എൻഡോജിനസ് ടൂറിസം' പദ്ധതിയിൽ ഇടംപിടിച്ചതും ഈ വ്യത്യസ്തതകൊണ്ടുതന്നെ.

ടൂറിസം പദ്ധതി വികസിക്കേണ്ടതെങ്ങനെ എന്നതിനു കൂടി മാതൃകയാണ് കുമ്പളങ്ങിയിലെ മാതൃകാഗ്രാമം. അന്ന് സംസ്ഥാന ടൂറിസം മന്ത്രിയും ഇപ്പോഴത്തെ കേന്ദ്ര കൃഷിസഹമന്ത്രിയുമായ പ്രൊഫ. കെ.വി. തോമസാണ് ഈ ആലോചനയ്ക്ക് തുടക്കമിട്ടത്.

സ്വന്തം നാട്ടിൽ പദ്ധതി നടപ്പാക്കുമ്പോഴുള്ള ജാഗ്രതയുണ്ടായിരുന്നു അദ്ദേഹത്തിന്.

2003 ഡിസംബർ 23ന് ഉദ്ഘാടനം ചെയ്യുന്നതിനും ഒരുവർഷം മുമ്പുതന്നെ പ്രദേശത്ത് ബോധവത്കരണം തുടങ്ങിയിരുന്നു.

''സാധാരണ കല്ലിടുമ്പോഴാണ് പദ്ധതിയെക്കുറിച്ച് ആളറിയുകയും ബഹളമുണ്ടാക്കുകയും ചെയ്യുന്നത്. അതുണ്ടാക്കരുതെന്ന് കരുതിയാണ് നേരത്തേ ബോധവത്കരണം നല്കിയത്'' -ശിവദത്തൻ പറയുന്നു. തുടർന്ന് രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, ജനപ്രതിനിധികൾ, മതമേലധ്യക്ഷന്മാർ, സാമൂഹിക സാംസ്കാരിക പ്രവർത്തകർ എന്നിവരുടെ യോഗം വിളിച്ചു. ഇതിൽ ഒരു സ്വകാര്യ സ്ഥാപനം തയ്യാറാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ അവതരിപ്പിച്ചു. എന്നാൽ ഇത് ഗുണകരമല്ലെന്നുകണ്ട് ഡോ.മുരളി മേനോനെ പ്രോജക്ട് മാനേജരാക്കി പുതിയ പദ്ധതി ഉണ്ടാക്കാൻ ചുമതലപ്പെടുത്തി. തുടർന്നുവന്ന പഞ്ചായത്ത് കമ്മിറ്റിയിലാണ് ഇപ്പോഴത്തെ മാതൃക രൂപപ്പെട്ടത്.

''25വർഷം മുമ്പുള്ള കുമ്പളങ്ങിയുടെ സംസ്കാരവും ജീവിതരീതിയും വീണ്ടെടുക്കുക'' അങ്ങനെയൊരാശയമാണ് രൂപപ്പെട്ടത്. അതിനായി മത്സ്യമേഖല, തൊഴിൽ, കലാരൂപങ്ങൾ, നാട്ടുഭക്ഷണരീതികൾ, പ്രകൃതി സംരക്ഷണം എന്നിങ്ങനെ 13 വിഷയങ്ങളാക്കി അംഗങ്ങൾക്ക് വീതിച്ചുനല്കി. ഓരോവിഷയത്തിലും വിവരങ്ങൾ കിട്ടിയപ്പോൾ അതിനെ ആസ്പദമാക്കി പ്രവർത്തനങ്ങളും രൂപപ്പെട്ടു.

ഉദാഹരണത്തിന് മത്സ്യമേഖലയിൽ മുമ്പ്, കമ്പവല, നീട്ടുവല, വീശുവല, ചീനവല, തപ്പിപ്പിടിത്തം, പപ്പിടൽ എന്നിങ്ങനെ പലതരം സമ്പ്രദായങ്ങൾ ഉണ്ടായിരുന്നു. ഇതിൽ ചീനവല പ്രവർത്തിപ്പിക്കുന്നതെങ്ങനെ എന്നാണ് ഒരു 'ആക്ടിവിറ്റി'. ഇതറിയാൻ സഞ്ചാരിയെത്തുമ്പോൾ വലക്കാരന് വരുമാനമായി.

എന്തുകൊണ്ടാണ് മത്സ്യം കുറയുന്നതെന്ന് എന്നന്വേഷിച്ചപ്പോഴാണ് കണ്ടലുകളുടെ നാശത്തെക്കുറിച്ച് മനസ്സിലാക്കിയത്. മുമ്പ് എട്ടിനം കണ്ടലുകൾ കുമ്പളങ്ങിയിലുണ്ടായിരുന്നു. മീനുകൾ മുട്ടയിടുന്നത് ഇവിടെയാണ്. മറ്റു മത്സ്യങ്ങളുടെ ആക്രമണത്തിൽ നിന്ന് അഭയം തേടാനുള്ള സുരക്ഷിത സ്ഥലം ഇവിടെയാണ്. ഈ തിരിച്ചറിവിൽ 50,000 കണ്ടലുകൾ വെച്ചുപിടിപ്പിച്ചു.

കണ്ടലും മീനും വർധിച്ചതോടെ പക്ഷികൾ കൂടുതലെത്തി. കണ്ടലിന്റെ പൂക്കളിൽ തേനീച്ചകൾ വരും. ഇത് ഒരു ശൃംഖലയായി വികസിക്കും.



കുടിവെള്ളത്തിന്റെ പ്രശ്നമായിരുന്നുമറ്റൊന്ന്. മുമ്പ് ഒരേക്കറിൽ ഒരു കുളമെങ്കിലും ഉണ്ടായിരുന്നു. ഇതാണ് ശുദ്ധജലത്തിന്റെ ഉറവിടം. ഇതിൽ വെള്ളം നിർത്താൻ കരയ്ക്കുചുറ്റിലും 72 ബണ്ടുകൾ നിർമിച്ചു. ഇടമഴയിൽ വെള്ളം നിറഞ്ഞ് ഇവ തണ്ണീർത്തടങ്ങളാകും.




കുമ്പളങ്ങിയിലെ ചീനവല കേന്ദ്രം

ടൂറിസത്തിന്റെ ഭാഗമായിത്തന്നെ ഒരു കോടി രൂപ ചെലവിൽ നിലവിലുള്ള റോഡ് മൂന്ന് മീറ്റർ വീതി കൂട്ടി വികസിപ്പിച്ചു. 90 ലക്ഷം രൂപ ചെലവിൽ ഓവുചാൽ നിർമിച്ചു. ശുചിത്വബോധവത്കരണത്തിന്റെ ഭാഗമായി അവിടവിടെ ബോർഡുകളും സ്ഥാപിച്ചു.

എട്ടുലക്ഷം രൂപ ചെലവിട്ട് പഴയ വൈദ്യുതി തൂണുകൾ മാറ്റി. 150 സി.എഫ്. വിളക്കുകൾ വന്നു. ടൂറിസത്തിന്റെ ഭാഗമായിവന്ന അടിസ്ഥാന സൗകര്യങ്ങൾ നാട്ടുകാർക്ക് പ്രയോജനപ്പെടുന്ന രീതിയിലാണ് ഇവ നടപ്പാക്കിയത്.

മാലിന്യനിർമാർജനത്തിനായി 800 ബയോഗ്യാസ് പ്ലാന്റുകളാണ് സ്ഥാപിച്ചത്. ആർക്കും ശങ്കയുണ്ടാകാതിരിക്കാൻ പഞ്ചായത്തംഗങ്ങളുടെ വീട്ടിൽത്തന്നെയാണ് ആദ്യം പ്ലാന്റ് ഉണ്ടാക്കിയത്.

അഞ്ചുപേരുള്ള ഒരു വീട്ടിൽ നാലു കി.ഗ്രാം ജൈവമാലിന്യങ്ങൾ ഉണ്ടാകും. ഇതിൽനിന്ന് രണ്ടു മണിക്കൂർ കത്തിക്കാനുള്ള ബയോഗ്യാസ് കിട്ടും. 3600 മണിക്കൂർ കത്തിക്കാനുള്ള ഗ്യാസ് ആണ് കുമ്പളങ്ങിയിൽ ഒരുദിവസം ഉണ്ടാക്കുന്നത്.

കക്കൂസ് ഇല്ലാത്തവരുണ്ടെന്ന തിരിച്ചറിവിലാണ് സർവേ നടത്തി ഇക്കോ ടോയ്‌ലറ്റുകൾ നിർമിക്കാൻ തീരുമാനിച്ചത്. അടുക്കള മാലിന്യവും മനുഷ്യവിസർജ്യവും ഉപയോഗിച്ച് ബയോഗ്യാസ് ഉത്പാദിപ്പിക്കുന്നതാണിത്. ഇതിൽ 130 എണ്ണം പൂർത്തിയാക്കി.

സഞ്ചാരികളെ എവിടെ താമസിപ്പിക്കും എന്ന ആലോചന ഹോംസ്റ്റേകളിലെത്തി. വീട്ടിൽ സൗകര്യമുള്ളവർ ഇതിനായി സന്നദ്ധരായി. ബൈജുവിന്റെ 'ഗ്രാമ'വും പി.ആർ. ലോറൻസിന്റെ 'കല്ലഞ്ചേരി റിട്രീറ്റും' അടക്കം ഇരുപതോളം ഹോംസ്റ്റേകൾ രൂപംകൊണ്ടു. മുമ്പ് തേങ്ങാ ബിസിനസ് നടത്തിയിരുന്ന ലോറൻസിന് ഇപ്പോൾ ഹോംസ്റ്റേയിലൂടെ സാമാന്യം നല്ല വരുമാനമുണ്ട്.

സോണിയാഗാന്ധി, വി.പി. സിങ്, മമ്മൂട്ടി, റസൂൽപൂക്കുട്ടി, ശ്രീനിവാസൻ അങ്ങനെ നിരവധി പ്രമുഖരെത്തിയിട്ടുണ്ട് ഇദ്ദേഹത്തിന്റെ വീട്ടിൽ. ഡയമണ്ട് കാറ്റഗറിയിലുള്ള ഹോംസ്റ്റേയ്ക്ക് ദിവസം 3000 രൂപയാണ് വാടക ഈടാക്കുന്നത്.

ഇവിടത്തെ പഴയകലകളായിരുന്ന പരിചമുട്ടുകളി, ചവിട്ടുനാടകം, കൈകൊട്ടിക്കളി എന്നിവയും ഇപ്പോൾ തിരിച്ചെത്തി. ഇവിടെ സ്ഥാപിച്ച കലാഗ്രാമത്തിൽ ഇതിന് പരിശീലനവും നല്കിയിരുന്നു.

എല്ലാത്തരം മത്സ്യങ്ങളുമെത്തുന്ന ലേലപ്പുരയാണ് മറ്റൊന്ന്. ഇവിടെ ടൂറിസ്റ്റുകൾക്ക് മീനുകൾ വാങ്ങാം. അത് കറിവെച്ചു കൊടുക്കാനും ആളുണ്ട്. ''വൈവിധ്യമാർന്ന വിഭവങ്ങളുണ്ട് നമ്മുടെ പാചകശൈലിയിൽ'' - ചെമ്മീൻ വിഭവങ്ങൾ തന്നെ നോക്കൂ - ചെമ്മീൻ ഉലർത്ത്, ഫ്രൈ, പുളിയിട്ടുവെച്ചത്, അച്ചാർ, ചെമ്മീൻപിരട്ടിയത് അങ്ങനെ എന്തെല്ലാം. നാല്പതു കൊല്ലം മുമ്പുള്ള നാടൻ ഭക്ഷണങ്ങൾ ഇപ്പോൾ പഠിക്കാൻ തുടങ്ങിയെന്ന് ശിവദത്തൻ പറയുന്നു.

പദ്ധതിയുടെ ഭാഗമായി ഇവിടെ പൊക്കാളിപ്പാടവും ഞണ്ടുവളർത്തൽകേന്ദ്രവും ഉണ്ട്. നാട്ടറിവുകൾ ഉപയോഗപ്പെടുത്തിയ ടൂറിസത്തിന്റെ മികച്ച മാതൃകയാണ് കുമ്പളങ്ങിയിലേത്. സീസണിൽ 5000 ടൂറിസ്റ്റുകൾ കുമ്പളങ്ങിയിലെത്തുന്നുണ്ടെന്ന് കുമ്പളങ്ങി മോഡൽ ടൂറിസം ഡെവലപ്പ്മെന്റ് സൊസൈറ്റി സെക്രട്ടറി ഷാജി കുറുപ്പശ്ശേരി പറയുന്നു. കുമ്പളങ്ങി ഗ്രാമം കേന്ദ്ര സർക്കാറിന്റെ 'ഇൻക്രെഡിബിൾ ഇന്ത്യ' കാമ്പയിനിലും ഇടം നേടിയിട്ടുണ്ട്. എന്നാൽ 2005 നുശേഷം സർക്കാർ ഇതിന്റെ വികസനത്തിന് കൂടുതൽ ശ്രദ്ധ നല്കിയിട്ടില്ല. എങ്കിലും പ്രാദേശിക ജനവിഭാഗങ്ങളെയും അവരുടെ അറിവുകളെയും എങ്ങനെ ടൂറിസം പ്രയോജനപ്പെടുത്താം എന്നതിന്റെ നല്ല ഉദാഹരണമാണ് കുമ്പളങ്ങി.

*(അവസാനിച്ചു)*

(ന്യൂഡൽഹിയിലെ സെന്റർ ഫോർ സയൻസ് ആൻഡ് എൻവയോൺമെന്റിന്റെ മീഡിയാ ഫെലോഷിപ്പിന്റെ ഭാഗമായി തയ്യാറാക്കിയത്)